"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മണ്ണാർക്കാട് നിയോജക മണ്ഡലം - ആസ്തി വികസന പദ്ധതി - ഭരണാനുമതി നൽകിയ തെങ്കര ഗ്രാമപഞ്ചായത്തിലെ അമ്പൻകുന്ന് -തൊട്ടുകാട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി അമ്പൻകുന്ന് -തൊട്ടുകാട് റോഡ് കോൺക്രീറ്റിംഗ് എന്ന് ഭേദഗതി ചെയ്ത് - പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.2823/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/12/2019**

---

പരാമർശം:- 1 സ.ഉ.(സാധാ.)നം. 1223/17/ത.സ്വ.ഭ.വ. തിയതി 19.04.2017

2 ബഹു.മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ അവർകൾ പാലക്കാട് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകിയ കത്ത്

3 സ.ഉ (സാധാ) നം. 8526/2019/ധന, തീയതി 29.10.2019

## ഉത്തരവ്

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ അമ്പൻകുന്ന് -തൊട്ടുകാട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ബഹു.മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ അവർകളുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമായ എസ്റ്റിമേറ്റിൽ ടാറിംഗ് ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരുന്നതെന്നും കൃഷി ഭൂമിയ്ക്കരികിലൂടെ കടന്നുപോകുന്ന ടി റോഡിന് ഭൂനിരപ്പിൽ നിന്നും 1.5 അടി ഉയരം മാത്രമാണുള്ളതെന്നും മഴക്കാലത്ത് റോഡിൽ വെള്ളം കയറിനിൽക്കുന്ന അവസ്ഥയാണെന്നും റോഡിന് അധികം ഉയരമില്ലാത്തതിനാൽ മഴവെള്ളം ഒഴുകിപ്പാകുവാൻ സാധ്യത കുറവായതിനാൽ ടാറിംഗ് പ്രവൃത്തിയ്ക്ക് പകരം കോൺക്രീറ്റിംഗാണ് അനുയോജ്യമെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടേയും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബഹു.എം.എൽ.എ.യുടെ പരാമർശം (2) നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുകയുണ്ടായെന്നും മേൽ സാഹചര്യത്തിൽ ടി പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. തെങ്കര ഗ്രാമപഞ്ചായത്തിലെ അമ്പൻകുന്ന് -തൊട്ടുകാട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി ഭേദഗതി ചെയ്ത് "അമ്പൻകുന്ന് -തൊട്ടുകാട് റോഡ് കോൺക്രീറ്റിംഗ്" എന്ന പേരിൽ പുതുക്കിയ ഭരണാനുമതി നൽകാൻ പരാമർശം (3) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ക്ര.നം. (1)

പ്രകാരം ഭരണാനുമതി നൽകിയ, പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ അമ്പൻകുന്ന് - തൊട്ടുകാട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി ഭേദഗതി ചെയ്ത് "അമ്പൻകുന്ന് -തൊട്ടുകാട് റോഡ് കോൺക്രീറ്റിംഗ് " എന്ന പ്രവൃത്തിക്ക് 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പരാമർശം (1) ഉത്തരവിലെ നിബന്ധനകളും പ്രസ്തുത പ്രവൃത്തിയിൽ പാലിക്കേണ്ടതാണ്.

3. ആയത് സംബന്ധിച്ച ചെലവ് 4515-00-800-96 എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പകർപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ, ബഹു. മണ്ണാർക്കാട് എം.എൽ.എ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ (നോഡൽ സെന്റർ -സി) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (1278046)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ